**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448** **02-11-2021 - ൽ മറുപടിയ്ക്ക്**

**അസാപ് മുഖേനയുള്ള പരിശീലന-നൈപുണ്യ വികസന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആധുനികമായ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ വിദ്യാർത്ഥികളെയും തൊഴിലന്വേഷകരെയും പ്രാപ്തരാക്കുന്നതിന് അസാപ് മുഖേന നടത്തിവരുന്ന പരിശീലന, നൈപുണ്യ വികസന പരിപാടികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (എ) | 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയും കോളേജിലെ വിദ്യാർത്ഥികളെയും ആത്മവിശ്വാസത്തോടു കൂടി ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക, വിദ്യാർത്ഥികളെ അവരുടെ അഭിരുചിക്കനുസരിച്ച് ഭാവിയിൽ ഒരു തൊഴിൽ പരിശീലിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടി അസാപ് മുഖേന നിരവധി പരിശീലനപരിപാടികൾ നടത്തിവരുന്നു. കൂടാതെ, മാറുന്ന വ്യാവസായിക അന്തരീക്ഷവും കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകരുടെ സംഖ്യയും കണക്കാക്കി, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി അസാപ് അനവധി നൂതന കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങി 75 ഓളം കോഴ്സുകൾ ഇപ്പോൾ അസാപ് മുഖേന ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി, അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ് മുഖേന നടത്തി വരുന്ന കോഴ്സുകളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ ഇതുവരെ അസാപിന്റെ പ്രവർത്തനത്തിലും തന്മൂലം വിദ്യാർത്ഥി, തൊഴിലന്വേഷക സമൂഹത്തിലും | (ബി) | ഉണ്ട്; 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ എംപ്ലോയബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. സമാന പശ്ചാത്തലത്തിലും പ്രായപരിധിയിലും ഉള്ള പരിശീലനം ലഭിക്കാത്ത വിദ്യാർത്ഥികളുമായി |

| | | | |
|---|---|---|---|
| | ഉണ്ടായ നേട്ടങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | താരതമ്യപ്പെടുത്തുമ്പോൾ അസാപ് ബിരുദധാരികളുടെ തൊഴിൽ ക്ഷമത വിലയിരുത്തുകയാണ് എംപ്ലോയബിലിറ്റി സർവ്വേ കൊണ്ട് ഉദ്ദേശിക്കുന്നത്. അസാപിനു കീഴിൽ പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് അസാപ് ഇതര ഉദ്യോഗാർത്ഥികളെ അപേക്ഷിച്ച് ഉയർന്ന തൊഴിൽ സാധ്യതയുണ്ടെന്ന് ഈ പഠനങ്ങളിൽ പറയുന്നു. അസാപ് പരിശീലനം നേടിയ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികളിൽ Neilson India മുഖാന്തരം 2019-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനം നേടാനും ആത്മവിശ്വാസവും, തൊഴിൽ വൈദഗ്ധ്യവും മെച്ചപ്പെടുത്തുവാനും സാധിച്ചു എന്ന് കാണുന്നു. 2012-13 മുതൽ 2016-17 വരെയുള്ള അധ്യയന വർഷങ്ങളിൽ അസാപ് മുഖേന നടത്തുന്ന കോഴ്സുകളിൽ ചേർന്ന 121017 വിദ്യാർത്ഥികളിൽ, 7975 ട്രെയിനികൾ (20900 തൊഴിലന്വേഷകർക്കിടയിൽ) ജോലിയിൽ പ്രവേശിച്ചു. സർവ്വേ സമയത്ത് 85532 (71%) ട്രെയിനികൾ അവരുടെ ഉന്നത വിദ്യാഭ്യാസം തുടർന്നുകൊണ്ടിരുന്നു എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, 38% എന്ന ഈ തൊഴിൽ നിരക്ക് സമാന പ്രായത്തിലുള്ള തൊഴിലന്വേഷകരെ അപേക്ഷിച്ച് സംസ്ഥാന തൊഴിൽ നിരക്കിനേക്കാൾ കൂടുതലാണ്. പഠനത്തിന്റെ ഭാഗമായി അറുപതോളം തൊഴിൽദാതാക്കളുടെ അഭിപ്രായം വിലയിരുത്തിയതിൽ, ഭൂരിപക്ഷംപേരും അസാപ് വിദ്യാർത്ഥികളുടെ തൊഴിലിടത്തിലെ സാങ്കേതിക പരിജ്ഞാനത്തിലും, നേതൃപാടവത്തിലും സംതൃപ്തി രേഖപ്പെടുത്തി. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ, ഏകദേശം 2276 ഉദ്യോഗാർത്ഥികൾക്ക് അസാപ്പ് ASPIRE പ്ലേസ്മെന്റ് ഡ്രൈവ് വഴി പ്ലേസ്മെന്റ് നൽകാൻ കഴിഞ്ഞു. സ്ത്രീകൾക്ക് മാത്രമായി " ഷീ സ്കിൽസ് " എന്ന പേരിൽ അസാപ് ആരംഭിച്ച നൈപുണ്യ പരിശീലനപദ്ധതി മുഖാന്തരം എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ഹ്രസ്വകാല കോഴ്സുകളിലൂടെ അവരുടെ വിദ്യാഭ്യാസം തുടരാനുള്ള അവസരം നൽകുന്നു. ഈ സംരംഭത്തെ എ.ഡി.ബി. അഭിനന്ദിക്കുകയും ജൻഡർ ആക്ഷൻ പ്ലാൻ (GAP) ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മികച്ച പ്രോജക്ടിനുള്ള അവാർഡ് ADB -യിൽ നിന്ന് അസാപിന് ലഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ASAP Course list-25.10.2021

| Sl No | Course | Sector |
|---|---|---|
| 1 | Amazon Web Services – AWS Academy Cloud Foundation | IT & ITES |
| 2 | Artificial Intelligence and Machine Learning Developer Course | IT & ITES |
| 3 | Artificial Intelligence and Machine Learning Graduate Programme | IT & ITES |
| 4 | ASAP Amazon Web Service Academy – Cloud Computing | IT & ITES |
| 5 | Coding Skills | IT & ITES |
| 6 | Cyber Security – Security Operations Center – Analyst | IT & ITES |
| 7 | Full Stack Developer | IT & ITES |
| 8 | Google Associate Cloud Engineering | IT & ITES |
| 9 | Junior Software Developer | IT & ITES |
| 10 | Post Graduate Programme in Data Analytics (PGDA) | IT & ITES |
| 11 | Salesforce Administrator | IT & ITES |
| 12 | Salesforce Developer | IT & ITES |
| 13 | Service Now | IT & ITES |
| 14 | Test Engineer | IT & ITES |
| 15 | Automotive Engine Repair Technician | Automotive |
| 16 | Automotive Sales Consultant | Automotive |
| 17 | Automotive Service Technician | Automotive |
| 18 | Dealership Sales Executive | Automotive |
| 19 | Essential Design course using Autodesk Fusion 360 (Product Design & Manufacturing | Automotive |
| 20 | Accounts Executive (Payables and Receivables) | BFSI |
| 21 | Banking & Wealth Management | BFSI |
| 22 | Certificate Course in AML/KYC | BFSI |
| 23 | Certificate Course in Digital Banking | BFSI |
| 24 | Certificate Course in International Trade Finance | BFSI |
| 25 | Certificate Course in IT Security | BFSI |
| 26 | Certificate Course in Prevention of Cyber Crimes & Fraud Management | BFSI |
| 27 | Certificate in Accounting Technician | BFSI |
| 28 | Certified Investment Banking Operations Professional | BFSI |
| 29 | Diploma in Advance Wealth Management | BFSI |
| 30 | Diploma in Banking & Finance | BFSI |
| 31 | Diploma in International Banking & Finance | BFSI |
| 32 | Diploma in Treasury Investment & Risk Management | BFSI |
| 33 | Diploma in Urban Co-operative Banking | BFSI |
| 34 | GST Accounts Assistant | BFSI |
| 35 | GST Accounts Assistant (with tally) | BFSI |
| 36 | Injection Molding : Theory, parameter settings & troubleshooting | Chemical & |
| 37 | Injection Molding Machine Operator | Chemical & |
| 38 | Short Term Course on Plastic Processing Techniques | Chemical & |
| 39 | Certificate Program in Interior Design | Design |
| 40 | Training Programme on Hybrid Electric Vehicle | Electric Vehicle |
| 41 | Drone Technology | Electronics |
| 42 | ESSCI Advanced LED Product Design & Manufacturing | Electronics |
| 43 | ESSCI Advanced Solar PV System Design & Installation | Electronics |
| 44 | Field Technician Networking & Storage | Electronics |
| 45 | Robotic Process Automation | Electronics |
| 46 | Professional Certificate in Artisanal Bakery | Food Processing |
| 47 | Certificate Programme for Clinical Research and Clinical data Management | Healthcare |
| 48 | Certificate Programme for Clinical Research and Pharmacovigilance | Healthcare |
| 49 | General Duty Assistant | Healthcare |
| 50 | Healthcare Decision Analytics | Healthcare |
| 51 | Pharma Business Analytics | Healthcare |
| 52 | Communicative English Trainer | Linguistics & Life Skills |
| 53 | Foundation Module | Linguistics & Life Skills |
| 54 | French Language | Linguistics & Life Skills |

| | | |
|---|---|---|
| 55 | German Language | Linguistics & Life Skills |
| 56 | Japanese Language | Linguistics & Life Skills |
| 57 | Life Skill Module | Linguistics & Life Skills |
| 58 | Graphic Designer | Media & Entertainment |
| 59 | Junior Correspondence Course | Media & Entertainment |
| 60 | Certificate in Retail Management | Retail |
| 61 | Retail Sales Associate | Retail |
| 62 | Lab Chemist – Incoming Raw Material testing | Rubber |
| 63 | Nurses Crash Finishing Skills - B1 | Special Programme |
| 64 | Nurses Crash Finishing Skills - B2 | Special Programme |
| 65 | Fitness Trainer | Sports |
| 66 | Housekeeping Associate | Tourism & Hospitality |
| 67 | Boutique Manager | Apparel |
| 68 | Bridal & Party Gown Design Specialist | Apparel |
| 69 | Certificate Course in Fashion Design | Apparel |
| 70 | Costume Design for Cinema & Media Industry | Apparel |
| 71 | Kurti & Salwar Design Specialist | Apparel |
| 72 | Saree Blouse Design Specialist | Apparel |
| 73 | School Uniform Specialist | Apparel |
| 74 | Advanced Certificate in Professional Beauty and Wellness | Beauty & Wellness |
| 75 | Assistant Beauty Therapist | Beauty & Wellness |